ടെക്നോപാർക്കിൽ വിദേശ കമ്പനികളുടെ സഹകരണത്തോടെ 20-ൽപ്പരം യൂണിറ്റുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇവയിലെല്ലാംകൂടി ഏകദേശം 3500 ലക്ഷം രൂപ മൂലധനനിക്ഷേപം ഉണ്ടായിട്ടുണ്ട്.

കിൻഫ്രായുടേയും കെ.എസ്.ഐ.ഡി.സി.യുടേയും വ്യവസായ സംരംഭങ്ങൾ വിദേശത്തെ വ്യവസായ നിക്ഷേപകർക്കിടയിൽ മതിപ്പുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി വ്യവസായികൾ നിക്ഷേപ സന്നദ്ധമായി മുന്നോട്ടുവന്നിട്ടുണ്ട്. കെ.എസ്.ഡി.പി. ലിമിറ്റഡ്, കെൽട്രോൺ ടെൽക്ക് എന്നീ വ്യവസായങ്ങളിൽനിന്നും ഉൽപ്പന്നങ്ങൾ കയറ്റുമതിചെയ്യുന്നതിനായി ഓർഡറുകൾ ലഭിക്കുകയും ഇതനുസരിച്ച് കയറ്റുമതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മന്ത്രിസഭാംഗങ്ങളുടെ വിദേശയാത്ര

8 (8)ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഏതൊക്കെ മന്ത്രിമാർ എത്ര തവണവീതം വിദേശയാത്രകൾ നടത്തിയിട്ടുണ്ട്;

(ബി) ഇപ്രകാരം നടത്തിയ ഓരോ വിദേശയാത്രകളിലും ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചുവെന്നും, ഈ സന്ദർശനങ്ങളുടെ ഉദ്ദേശം എന്തായിരുന്നുവെന്നും വിശദമാക്കാമോ;

(സി) ഓരോ വിദേശയാത്രയിലും ലക്ഷ്യമിട്ടിരുന്ന പദ്ധതികളിൽ ഉണ്ടായ പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഓരോ വിദേശയാത്രയ്ക്കുംവേണ്ടി ഓരോ മന്ത്രിമാരും എന്തുതുക ചെലവഴിച്ചുവെന്ന്, യാത്രാ തീയതി, അനുവദിക്കപ്പെട്ട വിദേശ പണം എന്നിവ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ)&(ബി)മറുപടി അനുബന്ധം-1 ൽ ചേർത്തിരിക്കുന്നു.†

(സി) പുരോഗതി വിലയിരുത്തിവരികയാണ്.

(ഡി) യാത്രാ തീയതി അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.† മറ്റു വിവരങ്ങൾ അനുബന്ധം II-ഉം III-ഉം കാണുക†

സർക്കാരാഫീസുകളുടെ പ്രവർത്തനം

9 (10)ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സർക്കാർ പുതുതായി എടുത്ത നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നടപടികളുടെ ഫലമായി സെക്രട്ടേറിയറ്റിലും മറ്റ് ആഫീസുകളിലും എന്തെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സർക്കാരാഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(i) ഓഫീസുകളിലെ ഹാജർനില സംബന്ധിച്ച് എല്ലാ ദിവസവും സെക്ഷൻ/വകുപ്പ് തലവൻമാർ കർശനമായ പരിശോധന നടത്തുകയും അനധികൃതമായി ഓഫീസിൽ ഹാജരാകാത്തവരുടെ പേരിൽ നിയമാനുസൃതം നടപടി എടുക്കുകയും ഹാജർനില സംബന്ധിച്ച് സെക്രട്ടേറിയറ്റ് മാനുവൽ/എം.ഒ.പി. എന്നിവയിലെ ബന്ധപ്പെട്ട ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

(ii) ഉന്നത ഉദ്യോഗസ്ഥൻ സെക്ഷനുകളിൽ സർപ്രൈസ് ചെക്ക് നടത്തി ഹാജർനില പരിശോധിക്കുക.

(iii) ഓഫീസ് ജോലികളെ സംബന്ധിച്ച് വാരാന്ത്യ അവലോകനം സെക്ഷൻ തലത്തിലും, മാസാവലോകനം വകുപ്പു തലത്തിലും നടത്തുകയും, അവലോകന റിപ്പോർട്ടുകൾ സെക്രട്ടറി തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുക.

(iv) പുതുതായി നിയമനം ലഭിക്കുന്നവർക്കും ഓഫീസ് ജോലികളിൽ വേണ്ടത്ര മികവ് കാണിക്കാത്തവർക്കും വേണ്ടി ഇൻ-സർവ്വീസ് കോഴ്സുകൾ ഏർപ്പെടുത്തുകയും ഇതിലേക്കുള്ള നിർദ്ദേശങ്ങൾ വകുപ്പ് അദ്ധ്യക്ഷൻമാരുടെ ശുപാർശയോടുകൂടി ഭരണപരിഷ്ക്കാര വകുപ്പിലയയ്ക്കേണ്ടതുമാണ്. പ്രസ്തുത വകുപ്പ് ഐ.എം.ജിയുടെ സൗകര്യം പ്രയോജനപ്പെടുത്തി ഇൻ-സർവ്വീസ് കോഴ്സുകൾ നടത്തേണ്ടതാണ്.

(v) രജിസ്റ്ററുകളുടെ പീരിയാഡിക്കൽ ഇൻസ്പെക്ഷൻ കർശനമാക്കുക.

(vi) തീർപ്പാക്കാൻ കാലതാമസം നേരിടുന്ന ഫയലുകൾ തീർപ്പാക്കാൻ, തീവ്രയത്ന പരിപാടികൾ സെക്ഷൻ/വകുപ്പ് തലത്തിൽ മാസത്തിലൊരിക്കൽ സംഘടിപ്പിക്കുക.

(vii) മേൽ നിർദ്ദേശങ്ങൾ അനുസരിച്ച് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് വകുപ്പ് തലത്തിലുള്ള റിപ്പോർട്ടുകൾ മാസത്തിലൊരിക്കൽ ചീഫ് സെക്രട്ടറി വഴി മുഖ്യമന്ത്രിക്ക് സമർപ്പിക്കുക.

(viii) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/വകുപ്പ് തലവൻമാർ എന്നിവർ ഉറപ്പുവരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നടപടികളുടെ ഫലമായി ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി തുടങ്ങിയിട്ടുണ്ട്.

സർക്കാരാഫീസുകളിലെ പഞ്ചിംഗ് സമ്പ്രദായം

10 (11)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാരാഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആഫീസുകളിലാണ് നടപ്പാക്കുന്നത്;

(ബി) ഇത് സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തിയോ; എങ്കിൽ അതിന്റെ തീരുമാനം എന്താണ്;

(സി) ഏതൊക്കെ സംഘടനകളാണ് ഇതിൽ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്തിയത്;

(ഡി) പഞ്ചിംഗ് സിസ്റ്റം നടപ്പാക്കുന്നതിൽ ഏതൊക്കെ സംഘടനകൾക്കാണ് അഭിപ്രായവ്യത്യാസം ഉള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. തുടക്കത്തിൽ സെക്രട്ടേറിയറ്റ് അനക്സ്, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യവകുപ്പു ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിലും, കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ സിവിൽ സ്റ്റേഷനുകളിലും തിരുവനന്തപുരം കളക്ടറേറ്റിലും ആണ് പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി)-(ഡി)6.11.99-ൽ സർവ്വീസ് സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ എല്ലാ വിഭാഗം സർക്കാർ ജീവനക്കാരുടെയും പ്രതിനിധികൾ പങ്കെടുത്ത് അഭിപ്രായം വ്യക്തമാക്കി. കാര്യക്ഷമത വർദ്ധിപ്പിക്കണമെന്ന കാര്യത്തിൽ ബഹുഭൂരിപക്ഷം സംഘടനകളും അനുകൂലമായിട്ടാണ് പ്രതികരിച്ചിട്ടുള്ളത്. എന്നാൽ പഞ്ചിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ മുന്നോടിയായി ചില അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ് എന്ന് ചില സംഘടനകൾ അഭിപ്രായപ്പെട്ടു.

പ്ലാസ്റ്റിക്കിന്റെ ക്രമാതീതമായ ഉപയോഗം

11 (12)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ ക്രമാതീതമായ ഉപയോഗം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ കൂടുതലായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ഇത് സംബന്ധിച്ച് ഹൈക്കോടതിയിൽനിന്നും എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly